# യേശുക്രിസ്തുവിലൂടെ നിത്യമായ ഒരു കൂട്ടായ്മ

## യാക്കോബ് 4:8

"ദൈവത്തോട് അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോടു അടുത്തുവരും."

എത്ര അനുഗ്രഹിക്കപ്പെട്ട വാഗ്ദത്തം. ദൈവം നമ്മുടെ അടുത്തേക്കു വരും എന്ന ഉറപ്പിൽ നമുക്ക് അവന്റെ അടുത്തു ചെല്ലാം. ലോകമെമ്പാടും അകൽച്ച പാലിക്കുന്ന ഒരു കാലഘട്ടത്തിന്റെ മദ്ധ്യത്തിൽ ദൈവപൈതലിന് എത്ര ആശ്വാസത്തിന് വകയുണ്ട്. ദൈവ സാന്നിധ്യം സദാ വാഗ്ദത്തം ചെയ്തുകൊണ്ട് നല്ലവനായ ദൈവം നമ്മെ കാത്തിരിക്കുന്നു.

ദൈവവും മനുഷ്യനും തമ്മിലുള്ള അകൽച്ച, തീർച്ചയായും ഉണ്ടാകുന്നത് വ്യക്തിപരമായ ബന്ധത്തിൽ ഉണ്ടാകുന്ന തകർച്ചയിൽ നിന്നാകുന്നു. 'നിങ്ങളുടെ അകൃത്യങ്ങൾ അത്രെ നിങ്ങളെയും ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്' എന്ന് ദൈവവചനവും നമ്മെ പഠിപ്പിക്കുന്നു (യെശയ്യ 59.2). ഇവിടെ യാക്കോബിന്റെ ലേഖനം 4:4-ാം വാക്യം പഠിപ്പിക്കുന്നതും അതുതന്നെ ആകുന്നു. ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ഉളവാക്കുന്നുവെന്നും, അതിനാൽ പിശാചിനോട് എതിർത്തു നിന്ന് ദൈവത്തിന് കീഴടങ്ങുവിൻ എന്ന വലിയ ആഹ്വാനം തന്നതിനു ശേഷമാണ് നാം ഇന്ന് വായിച്ചതായ മനോഹര വാഗ്ദാനത്തിന്റെ ഉറപ്പ് തരുന്നത്. തീർച്ചയായും നമ്മുടെ പാപത്തിന്റെ അനുഭവം, പാപസ്വഭാവം, ദൈവത്തോടുള്ള കൂട്ടായ്മ നഷ്ടപ്പെടുത്തുന്നു. പിശാചിന്റെ തന്ത്രങ്ങളിൽപ്പെട്ട്, ലോകമോഹങ്ങളിൽ അറിഞ്ഞോ അറിയാതെയോ വീണുപോകുമ്പോൾ ഈ കൂട്ടായ്മ തകരുന്നു. കർത്താവായ യേശുക്രിസ്തുവിലൂടെ നിത്യമായ ഒരു കൂട്ടായ്മ അനുഭവം ആണ് ദൈവമക്കളായ നമുക്ക് ലഭിച്ചിരിക്കുന്നത്. പിതൃപുത്ര പരിശുദ്ധാത്മ ബന്ധത്തിലൂടെ, നിത്യം അവനോടുകൂടെ വാഴുവാനുള്ള ഒരു അനുഗ്രഹം, അത് നാം മറന്നു പോകരുത്.

ലോകം ഏത് അവസ്ഥയിലൂടെ നീങ്ങിയാലും, നമുക്ക് ദൈവത്തിന്റെ അടുത്തേക്ക് ഓടിച്ചെല്ലാം. ജീവിതത്തിൽ അപ്പന്റെ തിരുസാന്നിദ്ധ്യത്തിന്റെ അടുക്കലേക്ക് ചെല്ലാൻ തടസ്സം നിൽക്കുന്ന സകല മതിലുകളും കർത്താവിന്റെ നാമത്തിൽ തകരട്ടെ. മുടിയനായ പുത്രൻ അപ്പന്റെ ഭവനത്തിലേക്ക് അടുത്തുചെന്നു. തന്റെ തെറ്റുകളെയും പാപങ്ങളെയും ഏറ്റുപറഞ്ഞു. നമ്മെ പരിപാലിക്കാൻ, സ്നേഹിക്കാൻ, ആശ്വസിപ്പിക്കാൻ ഒക്കെ സദാ കാത്തിരിക്കുന്ന മഹനീയ സാന്നിദ്ധ്യം ഓർത്ത് നമുക്ക് സ്തുതിക്കാം. ജീവിതത്തിൽ കടന്നു വരുന്ന സകല സംഭവങ്ങളെയും കർത്താവുമായുള്ള കൂട്ടായ്മ ജീവിതത്തിലൂടെ നേരിടാം. വ്യക്തിപരമായ ഒരു ബന്ധം, സാന്നിദ്ധ്യം അതിലൂടെ ലഭിക്കുന്ന സന്തോഷത്തിലും സമാധാനത്തിലും, നിത്യം നമുക്ക് അവനോടൊപ്പം ജീവിക്കാം. ഏതുസമയവും അവന്റെ

അടുക്കലേക്ക് നമുക്ക് ധൈര്യത്തോടെ ചെല്ലുവാനുള്ള അവകാശവും, അനുവാദവും ഇല്ലേ. അതുമാത്രം പോരെ? അനന്തകൃപയ്ക്കായി നന്ദിയോടെ സ്തോത്രം ചെയ്യാം. കർത്താവ് സഹായിക്കട്ടെ.

**പരാമർശം:**

1 യോഹന്നാൻ 1:3

ഞങ്ങൾ കണ്ടും കേട്ടുമുള്ളതു നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിന്നു നിങ്ങളോടും അറിയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 141**